**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം.ഡിഎ1/229/2020-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 07/08/2021

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ജനകീയ ആസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം - കോവിഡ് പ്രോട്ടോകോൾ കർശനമായി പാലിച്ച് ഉദ്ഘാടന ചടങ്ങും അനുബന്ധ പരിപാടികളും സംഘടിപ്പിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ -സംബന്ധിച്ച്.

സൂചന:- 1. 29/07/2021 ലെ സ.ഉ.(സാധാ) നം. 1433/2021/തസ്വഭവ
2. 05/08/2021 ലെ ഡിഎ1/229/2020-തസ്വഭവ നമ്പർ സർക്കുലർ

**********************

1996 ഓഗസ്റ്റ് 17 ന് (ചിങ്ങം-1) ഉദ്ഘാടനം ചെയ്യപ്പെട്ട ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി ആഘോഷങ്ങൾ 2021 ഓഗസ്റ്റ് 17 ന് ബഹു.കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നതാണ്. ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചിത സർക്കാർ ഉത്തരവ് പ്രകാരവും സർക്കുലർ പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് രോഗബാധ രൂക്ഷമായി നിലനിൽക്കുന്ന സാഹചര്യത്തിൽ മേൽ പരിപാടിക്ക് കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നതിന് ചുവടെയുള്ള തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- 2021 ഓഗസ്റ്റ് 17 ന് ഉച്ചതിരിഞ്ഞ് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പരിപാടി നടത്താൻ നിർ ദ്ദേശിച്ചിട്ടുണ്ടല്ലോ. പ്രസ്തുത പരിപാടിയിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ യാതൊരു കാരണവശാലും 20 പേരിൽ കൂടുതൽ ഒത്ത് ചേരാൻ പാടില്ലാത്തതാണ്. മറ്റുള്ളവർ അവരവരുടെ സ്ഥലത്ത് നിന്ന് ഓൺലൈനായി പങ്കെടുക്കേണ്ടതാണ്.
- മുൻപുള്ളവരും ഇപ്പോഴുള്ളവരുമായ എല്ലാ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സന്നദ്ധ പ്രവർത്തകരെയും ഈ ഓൺലൈൻ പരിപാടിയിലേക്ക് ക്ഷണിക്കണം.
- മുൻ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ജനകീയാസൂത്രണ പ്രവർത്തകരെയും ആദരിക്കുന്ന ചടങ്ങും അന്നേ ദിവസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തണം.
- ആദരിക്കപ്പെടുന്ന എല്ലാവരെയും കോവിഡ് സാഹചര്യത്തിൽ ചടങ്ങിലെ കേന്ദ്രവേദിയിലേക്ക്

ക്ഷണിക്കേണ്ടതില്ല. ജനകീയാസൂത്രണം ആരംഭിച്ചത് മുതലുള്ള അധ്യക്ഷന്മാരിൽ 5 പേരെ നേരിട്ട് വേദിയിലേക്ക് വിളിക്കാവുന്നതാണ്. മറ്റുള്ളവർക്ക് ഓൺലൈനായി പങ്കെടുക്കാവുന്നതാണ്.

- ആദരിക്കപ്പെടുന്ന എല്ലാവരുടെയും പേരുകൾ യോഗത്തിൽ അറിയിക്കുകയും അവർ ആദരിക്കപ്പെട്ടതായി തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ അറിയിക്കുകയും ചെയ്യുക. ആദരണ മൊമെന്റോ പിന്നീട് അവരവരുടെ വീടുകളിൽ എത്തിക്കുന്ന രീതി അവലംബിക്കുക.
- ഓൺലൈനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പരിപാടി സംഘടിപ്പിക്കേണ്ടതാണ്. കോവിഡ് പ്രോട്ടോകോൾ പാലിച്ച് ഈ പരിപാടി സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട മേലധികാരികൾ ആയത് ഉറപ്പുവരുത്തേണ്ടതുമാണ്.
- അതത് സ്ഥലങ്ങളിൽ ടെക്നിക്കൽ അസ്സിസ്റ്റന്റ്മാരുടെ സഹായത്തോടെ ഓൺലൈൻ പ്ലാറ്റ് ഫോം കണ്ടെത്തി അതിന്റെ ലിങ്ക് എല്ലാവർക്കും ഷെയർ ചെയ്യുകയും പരിപാടി സംബന്ധിച്ച് വ്യാപക പ്രചരണം നടത്തേണ്ടതുമാണ്.
- സംസ്ഥാനതല ഉദ്ഘാടന പരിപാടി വൈകുന്നേരം കൃത്യം 04.30 ന് ആരംഭിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംസ്ഥാനതല ഉദ്ഘാടന പരിപാടിയുടെ തൽസമയ സംപ്രേക്ഷണം വലിയ സ്ക്രീനിൽ പ്രദർശിപ്പിക്കണം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഇതിനായുള്ള സാങ്കേതിക ഭൗതിക സൗകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണവകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻമാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.